ഭരണഭാഷ – മാതൃഭാഷ

**നം.TRY/13293/2019-F2**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 29/06/2020

പ്രേഷകൻ

ട്രഷറി ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി സേവിങ്സ് ബാങ്ക് – കാലപ്പഴക്കം വന്ന ടി.എസ്.എ / ടി.എഫ്.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന : മധ്യമേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 31.10.2019 ലെ എ 6/1/2016 നമ്പർ കത്ത്.

വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ട്രഷറികളിൽ നിലവിൽ 40-ൽ പരം വർഷങ്ങളായി ക്ലോസ് ചെയ്യാത്ത വ്യക്തിഗതവും / പ്ലെഡ്ജ് ചെയ്തതുമായ ടി.എസ്.എ / ടി.എഫ്.ഡി. അക്കൗണ്ടുകൾ നിലനിർത്തിപ്പോരുന്നതായി സൂചന പ്രകാരം മധ്യമേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. വ്യക്തിഗത സ്ഥിരനിക്ഷേപങ്ങൾ കാലാവധി പൂർത്തീകരിച്ച വിവരം നിക്ഷേപകനെ കത്ത് മുഖേന അറിയിച്ചിട്ടും നിക്ഷേപം ക്ലോസ് ചെയ്യുവാനോ പുതുക്കുവാനോ നിക്ഷേപകൻ ട്രഷറിയെ സമീപിച്ചിട്ടില്ലായെന്നും സൂചന കത്തിൽ പരാമർശിച്ചിരിക്കുന്നു. മാത്രമല്ല, ഇത്തരം ക്ലോസ് ചെയ്യാത്ത ടി.എസ്.എ. അക്കൗണ്ടുകൾക്ക് വാർഷിക പലിശ നൽകേണ്ടി വരുന്നത്, ബജറ്റിൽ പലിശയുടെ കണക്കു ശീർഷകത്തിൽ കൂടുതൽ തുക ചെലവാക്കിയതായി രേഖപ്പെടുത്തേണ്ടി വരുന്നു.

സർക്കാരിന്റെ പൊതുകടം കുറയ്ക്കുന്നതിനായി കാലപ്പഴക്കം വന്ന അവകാശികളില്ലാത്ത നിക്ഷേപങ്ങൾ സർക്കാരിന്റെ അക്കൗണ്ടിലേക്കു മാറ്റുവാനായി സർക്കാരിന്റെ അനുമതി ആവശ്യമാണ്. കാലാവധി പൂർത്തീകരിച്ച അവകാശികളില്ലാത്ത സ്ഥിരനിക്ഷേപങ്ങൾ ക്ലോസ് ചെയ്യുന്നത് സംബന്ധിച്ച് നിലവിലെ ചട്ടങ്ങളിൽ പരാമർശിച്ചിട്ടില്ല. ഇതിനായി ഇത്തരത്തിലുള്ള നിക്ഷേപങ്ങളുടെ വിവരങ്ങൾ സർക്കാരിനെ അറിയിക്കേണ്ടതുണ്ട്.

സ്ഥിരനിക്ഷേപം കാലാവധി പൂർത്തീകരിച്ച വിവരം നിക്ഷേപകനെ അറിയിച്ചിട്ടും നിക്ഷേപം പിൻവലിക്കുവാനോ പുതുക്കുവാനോ ട്രഷറിയെ സമീപിക്കാത്ത സാഹചര്യത്തിൽ ടി നിക്ഷേപത്തിന്റെ നോമിനിയുടെ മേൽവിലാസം ട്രഷറിയിൽ ലഭ്യമാകുകയാണെങ്കിൽ നിക്ഷേപത്തെ സംബന്ധിച്ചുള്ള വിവരം രെജിസ്റ്റഡ് തപാൽ

മുഖേന നോമിനിയെ അറിയിക്കേണ്ടതാണ്.

**നിക്ഷേപങ്ങൾ ക്ലോസ് ചെയ്തിട്ടില്ലായെന്നു ഉറപ്പുവരുത്തിയതിനു ശേഷം ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.**

**രണ്ട് ഘട്ടങ്ങളിലായി ഇത് സംബന്ധിച്ച റിപ്പോർട്ട് ഈ ഓഫീസിലെ മെയിൽ ഐ.ഡി.യിൽ ലഭ്യമാക്കേണ്ടതുമാണ്.**

**I) 2000 മാർച്ച് 31-നകം** കാലാവധി പൂർത്തീകരിച്ച വ്യക്തികളുടെ / സ്ഥാപനത്തിന്റെ **സ്ഥിരനിക്ഷേപ** (പ്ലെഡ്ജ് ചെയ്യാത്തവ) വിവരങ്ങൾ സബ് ട്രഷറികളുടെ സഹിതം ജില്ലാ ട്രഷറി ഓഫീസർമാർ താഴെ കൊടുത്തിരിക്കുന്ന പ്രൊഫോർമ പ്രകാരം **31.08.2020-നു** മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ട്രഷറി | സ്ഥിരനിക്ഷേപ അക്കൗണ്ട് നം. | നിക്ഷേപം തുടങ്ങിയ തീയതി | തുക | കാലാവധി പൂർത്തിയാക്കിയ തീയതി |
|---|---|---|---|---|---|
| | | | | | |

**II)** എന്നാൽ **ടി.എസ്.എ അക്കൗണ്ടുകൾ** ക്ലോസ് ചെയ്യുന്നത് സംബന്ധിച്ച് കേരള ട്രഷറി കോഡ് വാല്യം II, അനുബന്ധം 3, ചട്ടം 53(h) പ്രകാരം പ്ളേഡ്ജി നടപടികൾ സ്വീകരിക്കേണ്ടതാണ്. 2000 മാർച്ച് 31-നകം തുടങ്ങിയിട്ടുള്ള ടി .എസ്.എ. അക്കൗണ്ടുകളെ സംബന്ധിച്ചുള്ള സ്ഥിതി വിവരം പ്ളേഡ്ജിയോട് കത്ത് മുഖേന അന്വേഷിക്കേണ്ടതും മേൽ ചട്ടപ്രകാരം ക്ലോസ് ചെയ്യേണ്ടവ ക്ലോസ് ചെയ്യുവാൻ ആവശ്യപ്പെടേണ്ടതും ആയതിനു പ്രതികരണമുണ്ടായില്ലെങ്കിൽ താഴെ കൊടുത്തിരിക്കുന്ന പ്രൊഫോർമയിൽ നിക്ഷേപ വിവരങ്ങൾ **31.12.2020-നു** മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ട്രഷറി | നിക്ഷേപം തുടങ്ങിയ തീയതി | ടി.എസ്.എ അക്കൗണ്ട് നം | തുക | പ്ലെഡ്ജി |
|---|---|---|---|---|---|
| | | | | | |

**2000 മാർച്ച് 31**-നകം കാലാവധി പൂർത്തീകരിച്ച **പ്ലെഡ്ജ്** ചെയ്തിട്ടുള്ള സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | ട്രഷറി | സ്ഥിരനിക്ഷേപ അക്കൗണ്ട് നം | നിക്ഷേപം തുടങ്ങിയ തീയതി | തുക | കാലാവധി പൂർത്തിയാക്കിയ തീയതി | പ്ളേഡ്ജി |
|---|---|---|---|---|---|---|
| | | | | | | |

മേൽ നിർദ്ദേശങ്ങൾ വളരെ ഗൗരവമായി കാണേണ്ടതും സമയബന്ധിതമായി

തുടർ നടപടികൾ സ്വീകരിച്ച് നിർദിഷ്ട വിവരങ്ങളടക്കം സമയപരിധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് .

വിശ്വസ്തതയോടെ

**A M JAFAR**
**DIRECTOR**

Signature Not Verified

Digitally signed by
GIRIKUMAR S
Date: 2020.06.30 15:21:49
IST
Reason: Approved

[illegible]
സീനിയർ സൂപ്രണ്ട്

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229